LIBRARY ARCHIVES Kerala Legislative Assembly

റദ്ദാക്കിയ പുതിയ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും

271 (1745) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 69 പുതിയ പഞ്ചായത്തുകൾക്ക് രൂപം നൽകിയതും, തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷൻ വിഭജിച്ച് മുനിസിപ്പാലിറ്റികൾക്കു രൂപം നൽകിയതും റദ്ദാക്കിയ കേരള ഹൈക്കോടതി വിധികൾക്കെതിരെ അപ്പീൽ നൽകാൻ തീരുമാനം എടുത്തത് ഏത് തലത്തിലായിരുന്നു ; ഇതിനായി നിയമോപദേശം തേടുകയുണ്ടായോ ; നിയമോപദേശം എന്തായിരുന്നു ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രശ്നത്തിൽ മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ആരെല്ലാം പങ്കെടുക്കുകയുണ്ടായി ; പ്രസ്തുത യോഗത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാട് എന്തായിരുന്നു ; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ റദ്ദ് ചെയ്ത കേരള ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ തീരുമാനം എടുത്തത് സർക്കാർ തലത്തിലായിരുന്നു. ടി വിഷയത്തിന്മേൽ നിയമോപദേശം തേടിയിട്ടില്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി യോഗം വിളിച്ചുചേർക്കുകയുണ്ടായി. യോഗത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പിലെ മന്ത്രിമാർ, പൊതുമരാമത്ത്, ഐ.റ്റി. വകുപ്പ് മന്ത്രിമാർ, ഇലക്ഷൻ കമ്മീഷൻ, ഡീലിമിറ്റേഷൻ കമ്മീഷൻ അംഗങ്ങൾ മുതലായവർ പങ്കെടുത്തു. പ്രത്യേക മിനിട്സ് സൂക്ഷിച്ചിട്ടില്ല.

കുടുംബശ്രീ സംവിധാനം

272 (1746) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംവിധാനം തകർച്ചയെ നേരിടുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;